സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
- പൊന്നിയിൻ സെൽവൻ 2 (T) (11.00)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
- പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
- പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 – 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
- അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- EVIL DEAD RISE (10..30)
- KISI KI BHAI KISI KI JAAN (H) (12.45)
- നീലവെളിച്ചം (4.00, 7.15, 10.30)

ഓഡി 2
- മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- യാനി മുഗുതാൻ (12.15)
- അടി (2.45, 8.00)
- കായ്പോള (5.30)
- യാതിസായ് (10.45)

ഓഡി 4
- സുലേഖ മൻസിൽ (10.30)
- അയൽവാശി (1.00, 3.15, 8.30, 11.00)
- കഠിനകഠോരം (5.45)

ഓഡി 5
- നീലവെളിച്ചം (11.15)
- കഠിനകഠോരം (2.15, 10.15)
- KISI KI BHAI KISI KI JAAN (H) (5.00)
- EVIL DEAD RISE (8.00)

ഓഡി 6
- കഠിനകഠോരം (10.30)
- EVIL DEAD RISE (1.00, 5.30)
- സുലേഖാ മൻസിൽ (3.00, 7.45, 10.30)

വർക്കല

വിമല
- 2018 (11.00, 3.00, 6.30, 9.45)

എസ് ആർ
- പത്താം വളവ് (11.00, 3,00, 6.30, 9.45)

സ്റ്റാർ
- DON (11.00, 3.00, 6.15, 9.30)

വെട്ടുറോഡ്

ഹരിശ്രീ (0471 2755666)
- 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
- പൊന്നിയിൻ സെൽവൻ 2

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
- പൊന്നിയിൻ സെൽവൻ 2 (11.00, 2.30, 6.00, 9.30)

എം ടി സിനി പ്ലക്സ് (2419515)

ടെല 1
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)

ടെല 2
- EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- പൊന്നിയിൻ സെൽവൻ 2 (11.00, 230, 6.00, 9.30)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- 2018 (11.15, 2.30, 6.15, 9.15)

ലയം
- പൊന്നിയിൻ സെൽവൻ 2 (11.30, 2.30, 6.30, 9.30)

ശ്രീ കാളിദാസ് (9562404499)

ഓഡി 1
- 2018(4 ഷോ)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 3
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 4
- കേരള സ്റ്റോറി 2 (11.00, 9.30)

ഓഡി 5
- വിരുപക്ഷ (6.15? 9.30)
- മദനോത്സവം (6.15,9.30)

ഓഡി 6
- പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

ചാനൽ സിനിമ

കൈരളി

6.30 പ്രേമം
9.00 അമ്പിളി
12.00 ലജൻഡറി ആമസോൺ
4.00 അൻജാൻ
7.00 അയോഗ്യ
10.00 ഉണ്ട

വി

7.00 വർണപ്പകിട്ട്
9.30 MLA മണി 10-ാം ക്ലാസും ഗുസ്തിയും
3.00 ശക്തി
6.00 ഈ പറക്കും തളിക
9.00 വടക്കുനോക്കിയന്ത്രം
11.30 കൊടുങ്കാറ്റ്

ഏഷ്യാനെറ്റ്

9.30 ഇട്ടിമാണി മെയ്ഡ് ഇൻ ചൈന

ഏഷ്യാനെറ്റ് മൂവീസ്

7.00 കോളേജ് കുമാരൻ
10.00 ജോണി ജോണി യെസ് അപ്പാ
1.00 അവതാരം
4.00 മെമ്മറീസ്
7.00 ബാംഗ്ലൂർ ഡെയ്സ്
10.30 അരവിന്ദന്റെ അതിഥികൾ

സൂര്യ

8.30 മംഗ്ലീഷ്
2.30 ജനകൻ

സൂര്യ മൂവീസ്

7.00 പുറപ്പാട്
10.00 കിള്ളിക്കുറിശ്ശിയിലെ കുടുംബമേള
1.00 അയലത്തെ അദ്ദേഹം
4.00 വജ്രം
7.00 മോഹൻകുമാർ ഫാൻസ്
10.00 ഔട്ട്സൈഡർ

ശുചീകരണ പ്രവർത്തനം

കൊല്ലയിൽ പഞ്ചായത്ത് മഴക്കാലപൂർവ ശുചീകരണം ഉദ്ഘാടനം ചെയ്തശേഷം സി കെ ഹരീന്ദ്രൻ എംഎൽഎ ജനപ്രതിനിധികൾക്കും ഹരിത കർമ സേനാംഗങ്ങൾക്കുമൊപ്പം

പാറശാല

കൊല്ലയിൽ പഞ്ചായത്തിന്റെ ശുചിത്വ മാലിന്യ പരിപാലന പദ്ധതിയായ ഹരിത കൊല്ലയിൽ ക്യാമ്പയിന്റെയും മഴക്കാല പൂർവ ശുചീകരണത്തിന്റെയും രണ്ടാംഘട്ടം സി കെ ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എൻ എസ് നവനീത് കുമാർ അധ്യക്ഷനായി. പദ്ധതിയുടെ ഭാഗമായി 12 മുതൽ ജൂൺ അഞ്ചുവരെ വാർഡ് തലത്തിൽ പൊതു ഇടങ്ങൾ, പാതയോരങ്ങൾ, ഓടകൾ എന്നിവ വൃത്തിയാക്കുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും.

മികച്ച ഹരിത കർമ സേനാ യൂണിറ്റിനുള്ള സംസ്ഥാന അവാർഡ് കരസ്ഥമാക്കിയ കൊല്ലയിൽ ഹരിത കർമസേനയെ എംഎൽഎ ആദരിച്ചു. വൈസ് പ്രസിഡന്റ് എസ് സന്ധ്യ, ജില്ലാ പഞ്ചായത്തംഗം വി എസ് ബിനു, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ വി താണുപിള്ള, കെ വി പദ്മകുമാർ, പഞ്ചായത്ത് വികസന ചെയർമാൻ ജി ബൈജു, ക്ഷേമ കമ്മിറ്റി ചെയർപേഴ്സൻ വി എസ് അനില, പഞ്ചായത്തംഗങ്ങളായ എം മഹേഷ്, സന്തോഷ് കുമാർ, കൊല്ലയിൽ രാജൻ, ബിന്ദു, സി കെ സിനികുമാരി, ബിന്ദുബാല, ജ്യോതിഷ്റാണി ,ഷീബ അനീഷ് , അസി .സെക്രട്ടറി എസ് അശോക് കുമാർ എന്നിവർ സംസാരിച്ചു.

യുവഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധം

ഡോ. വന്ദന ദാസ് കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് പാറശാല ഗവ. ആശുപത്രിയിൽ ജീവനക്കാർ സംഘടിപ്പിച്ച മാർച്ച് ഡോ. എസ് കെ അജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

പാറശാല

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ രോഗി വനിതാ ഡോക്ടറെ കുത്തിക്കൊന്നതിൽ ഐഎംഎ, കെജിഎംഒഎയുടെ നേതൃത്വത്തിൽ പ്രതിഷേധിച്ചു.

പാറശാല താലൂക്കാശുപത്രിയിൽ ഐഎംഎ നെയ്യാറ്റിൻകര ബ്രാഞ്ച് പ്രസിഡന്റ് എസ് കെ അജയകുമാർ ധർണ ഉദ്ഘാടനം ചെയ്തു. നെയ്യാറ്റിൻകര ഗവ. ആശുപത്രിയിൽ ജെ ശ്രീമോൻ ഉദ്ഘാടനം ചെയ്തു. ടി സജി അധ്യക്ഷനായി. ഡോക്ടർമാരും സംഘടനയുടെ ഭാരവാഹികളും പ്രവർത്തകരും ജീവനക്കാരും പങ്കെടുത്തു.

നെയ്യാറ്റിൻകര

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ വനിതാ ഡോക്ടർ വന്ദന ദാസിനെ കുത്തിക്കൊന്ന സംഭവത്തിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ പ്രതിഷേധയോഗം ചേർന്നു. ശ്രീമോൻ ഉദ്ഘാടനം ചെയ്തു.

ടി സജി അധ്യക്ഷനായി. കെജിഒഎ ഉൾപ്പെടെ നിരവധി സംഘടനയുടെ ഭാരവാഹികളും പ്രവർത്തകരും ജീവനക്കാരും പ്രതിഷേധത്തിൽ പങ്കെടുത്തു.

ചന്ദ്രമംഗലത്ത് ഭവന സമുച്ചയം ഉദ്ഘാടനം ചെയ്തു

കാട്ടാക്കട

കാട്ടാക്കട പഞ്ചായത്തിലെ ലൈഫ് പദ്ധതിയിൽ പൂർത്തിയാക്കിയ രണ്ടാംഘട്ട ഭവന സമുച്ചയം ചന്ദ്രമംഗലത്ത് ഐ ബി സതീഷ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് പ്രസിഡന്റ് കെ അനിൽകുമാർ അധ്യക്ഷനായി. നിർമിതി കേന്ദ്രം ഡയറക്ടർ ഡോ. ഫെബി വർഗീസ് പദ്ധതി വിശദീകരിച്ചു.

വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് ഇന്ദുലേഖ, വി രാധിക, സരള, എസ് ലതകുമാരി, സീനാ വഹാബ്, ഗ്രാമപഞ്ചായത്തംഗങ്ങൾ, രാഷ്ട്രീയ പാർടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

നിർമിതി കേന്ദ്രം പൂർത്തിയാക്കിയ ഭവന സമുച്ചയത്തിൽ 12 വീടാണുള്ളത്.

ചന്ദ്രമംഗലത്ത് ലൈഫ് ഭവന സമുച്ചയം ഐ ബി സതീഷ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

മാലിന്യം തള്ളൽ: നെയ്യാറ്റിൻകരയിൽ കൂടുതൽ കാമറ സ്ഥാപിക്കും

നെയ്യാറ്റിൻകര

നഗരസഭ സമ്പൂർണ മാലിന്യമുക്തമാക്കാനുള്ള നടപടികൾ ഊർജിതമാക്കിയതായി ചെയർമാൻ പി കെ രാജമോഹനൻ, ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ ജെ ജോസ് ഫ്രാങ്ക്ളിൻ എന്നിവർ പ്രസ്താവനയിൽ അറിയിച്ചു. പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ കൂടുതൽ കാമറകൾ സ്ഥാപിക്കും. കഴിഞ്ഞ സാമ്പത്തികവർഷം സ്ഥാപിച്ച നിരീക്ഷണ കാമറകൾ കാര്യക്ഷമമാണ്. ഇതിനുപുറമേ നിരീക്ഷണ സ്ക്വാഡുകളും പ്രവർത്തിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി ഒരുലക്ഷം രൂപയോളം പിഴ ഈടാക്കിയിട്ടുണ്ട്.

മാലിന്യം രാത്രി വലിച്ചെറിയുന്നവരെ കണ്ടെത്താനും പിടികൂടാനുമായി ആരോഗ്യവിഭാഗം സൂപ്പർവൈസറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്. ജൈവ മാലിന്യം ഉറവിടങ്ങളിൽ സംസ്കരിക്കാനായി നഗരസഭാ പരിധിയിലെ വീടുകളിൽ ബയോബിൻ നൽകി. ലഭ്യമാകാത്തവർക്കായി ഉടൻ വിതരണം ചെയ്യും. ഹരിതകർമസേനാ പ്രവർത്തനവും സജീവമാണ്.

മാലിന്യ സംസ്കരണത്തിൽ നഗരസഭാ പരിധിയിലെ വ്യക്തികളും സ്ഥാപനങ്ങളും സഹകരിക്കണം. മാലിന്യം ഉറവിടങ്ങളിൽ സംസ്കരിക്കണമെന്നും അല്ലാത്തവർക്കെതിരെ നിയമനടപടി എടുക്കുമെന്നും ഇരുവരും അറിയിച്ചു.

മുത്തശ്ശിമാരെ ആദരിച്ചു

ചേരപ്പള്ളി

പറണ്ടോട് മലയൻതേരി നവചേതന വനിതാവേദി മാതൃദിനത്തോടനുബന്ധിച്ച് മുത്തശ്ശിമാരെ ആദരിച്ചു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് അംഗം എ എം ഷാജി ഉദ്ഘാടനം ചെയ്തു. ആര്യനാട് കമ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഡോ. രാധിക മുഖ്യാതിഥിയായി. വനിതാവേദി പ്രസിഡന്റ് ശാലിനി അധ്യക്ഷയായി. എം എൽ കിഷോർ, ജോൺ താഴ്വാരത്ത്, പി പ്രശാന്ത്, സീന, അനിത എന്നിവർ സംസാരിച്ചു.

കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗമായി നെല്ലിമൂട് പ്രഭാകരനെ നോമിനേറ്റ് ചെയ്തു. ജനതാദൾ എസ് നെയ്യാറ്റിൻകര മണ്ഡലം പ്രസിഡന്റും നെയ്യാറ്റിൻകര താലൂക്ക് ആഫ്കോ സഹകരണ സംഘം പ്രസിഡന്റും മിസലെനിയസ് കോ– ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാനുമാണ്

വിബിഎസ് ആരംഭിച്ചു

ചേരപ്പള്ളി

ഉഴമലയ്ക്കൽ പുളിമൂട് യുണൈറ്റഡ് അപ്പോസ്തലിക് ചർച്ച് ഓഫ് ക്രൈസ്റ്റ് വെക്കേഷൻ ബൈബിൾ സ്കൂൾ ആരംഭിച്ചു. 14ന് സമാപിക്കും. പകൽ രണ്ടുമുതൽ 4.30 വരെയുള്ള ക്ലാസിൽ ഗെയിം, വചനപഠനം എന്നിവ ഉണ്ടാകും.

സെമിനാർ

ആര്യനാട്

ആര്യനാട് ഐടിഐയിലെ ആർട്സ് ഫെസ്റ്റിവലിന്റെ ഭാഗമായി റോഡ് സുരക്ഷയ്ക്കൊപ്പം കൗമാരം എന്ന വിഷയത്തിൽ സെമിനാർ നടന്നു. സബ് ഇൻസ്പെക്ടർ എൽ ഷീന ഉദ്ഘാടനം ചെയ്തു. എസ് വിപിൻ അധ്യക്ഷനായി. പ്രിൻസിപ്പൽ എം കെ ഹാഷിം സ്വാഗതവും നിരൺഘോഷ് നന്ദിയും പറഞ്ഞു.

വാഹന പ്രചാരണജാഥ ഉദ്ഘാടനം ഇന്ന്

കോവളം

എൽഡിഎഫ് സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങളുമായി സംവദിക്കുന്നതിന് എൽഡിഎഫ് കോവളം മണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന വാഹന പ്രചാരണജാഥ വ്യാഴാഴ്ച ആരംഭിക്കും. ഊക്കോട് വൈകിട്ട് അഞ്ചുമണിക്ക് സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ ഉദ്ഘാടനം ചെയ്യും.

സിപിഐ എം കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ ജാഥാ ക്യാപ്റ്റനും കാഞ്ഞിരംകുളം ഗോപാലകൃഷ്ണൻ വൈസ് ക്യാപ്റ്റനും തെന്നൂർക്കോണം ബാബു ജാഥാ മാനേജരുമായ ജാഥയാണ് പര്യടനം നടത്തുന്നത്.

പി രാജേന്ദ്രകുമാർ, പാറക്കുഴി സുരേന്ദ്രൻ, പുല്ലുവിള സ്റ്റാൻലി, സി എസ് രാധാകൃഷ്ണൻ നായർ, സി കെ സിന്ധുരാജ്, കരുംകുളം വിജയകുമാർ, വിജയമൂർത്തി, വി സുധാകരൻ, വെങ്ങാനൂർ ലോയിഡ്, ടി എസ് രഘുനാഥ്, എം ഷംനാദ്, വിഴിഞ്ഞം ജയകുമാർ തുടങ്ങിയവരാണ് ജാഥാ അംഗങ്ങൾ.

വെള്ളിയാഴ്ച കോവളം, വിഴിഞ്ഞം, വെങ്ങാനൂർ, കല്ലിയൂർ, തേമ്പാമുട്ടം, ബാലരാമപുരം, ഉച്ചക്കട, പയറ്റുവിള, ചപ്പാത്ത്, കാഞ്ഞിരംകുളം, കരുംകുളം എന്നിവിടങ്ങളിൽ പര്യടനം നടത്തി ജാഥ പൂവാറിൽ സമാപിക്കും.

■ സംസ്ഥാന സർക്കാർ രണ്ടാം വാർഷികം

സംസ്ഥാനതല സമാപനസമ്മേളനം 20ന്

സംഘാടക സമിതി രൂപീകരിച്ചു

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള വിവിധ പരിപാടികളുടെ സംസ്ഥാനതല സമാപന പൊതുസമ്മേളനം 20ന് പുത്തരിക്കണ്ടം മൈതാനിയിൽ നടക്കും. വൈകിട്ട് അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന, ഭക്ഷ്യമേളയും കലാസാംസ്കാരിക പരിപാടികളും പകൽ 11ന് കനകക്കുന്നിൽ ആരംഭിക്കും. 27 വരെയാണ് മേള.

മന്ത്രി വി ശിവൻകുട്ടി മുഖ്യരക്ഷാധികാരിയായും മന്ത്രിമാരായ ജി ആർ അനിൽ, ആന്റണി രാജു എന്നിവർ രക്ഷാധികാരികളായും സംഘാടക സമിതി രൂപീകരിച്ചു. കലക്ടർ ജെറോമിക് ജോർജ് കൺവീനറും ജില്ലയിലെ എംപിമാർ, എംഎൽഎമാർ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തദ്ദേശ പ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ എന്നിവർ അംഗങ്ങളുമാണ്.

സംഘാടക സമിതി രൂപീകരണ യോഗം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു.

മന്ത്രി ജി ആർ അനിൽ അധ്യക്ഷനായി. മന്ത്രി വി ശിവൻകുട്ടി മുഖ്യപ്രഭാഷണം നടത്തി. യോഗത്തിൽ എ എ റഹിം എംപി, എംഎൽമാരായ വി ജോയി, സി കെ ഹരീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കലക്ടർ ജെറോമിക് ജോർജ്, എഡിഎം അനിൽ ജോസ്, സബ്കലക്ടർ അശ്വതി ശ്രീനിവാസ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ജി ബിൻസിലാൽ, വിവിധ രാഷ്ട്രീയ പാർടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

എഡിഎസ് വാർഷികം

വിളപ്പിൽ

മലയിൻകീഴ് ഗ്രാമപഞ്ചായത്ത് കുന്നുംപറ വാർഡ് എഡിഎസ് വാർഷികം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു.

സിഡിഎസ് അംഗം വി ശ്രീകല അധ്യക്ഷയായി. എ വത്സലകുമാരി, എസ് സുരേഷ് ബാബു, ഒ ജി ബിന്ദു, വാസുദേവൻ നായർ, ആർ രജിത്ത്, രജിത, ആർ കെ സിന്ധു, ടി സിന്ധു എന്നിവർ സംസാരിച്ചു.

എൻ റോബർട്ടിന്റെ സ്മൃതിമണ്ഡപത്തിൽ സിപിഐ എം വെള്ളറട ഏരിയ സെക്രട്ടറി ഡി കെ ശശി പുഷ്പചക്രമർപ്പിക്കുന്നു

എൻ റോബർട്ടിനെ അനുസ്മരിച്ചു

വെള്ളറട

സിപിഐ എം ആനാവൂർ ലോക്കൽ കമ്മിറ്റി അംഗമായിരുന്ന എൻ റോബർട്ടിന്റെ അഞ്ചാമത് അനുസ്മരണ ദിനമാചരിച്ചു. വെള്ളറട ഏരിയ സെക്രട്ടറി ഡി കെ ശശി സ്മൃതിമണ്ഡപത്തിൽ പുഷ്പചക്രം അർപ്പിച്ചു. ഡി വേലായുധൻ നായർ, എസ് എസ് റോജി, എച്ച് എസ് അരുൺ, പാലിയോട് ശ്രീകണ്ഠൻ, ആർ പരമേശ്വരൻ പിള്ള തുടങ്ങിയവർ സംസാരിച്ചു.

കുന്നുംപറ വാർഡ് എഡിഎസ് വാർഷികം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു

റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവ്

തിരുവനന്തപുരം

വനിതാ ശിശു വികസന വകുപ്പിന്റെ ഒആർസി പദ്ധതിയുടെ വിവിധ പരിശീലന പരിപാടികളിലേക്ക് റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ബിരുദാനന്തര ബിരുദം, കുട്ടികളുടെ മേഖലയിൽ പ്രവൃത്തി പരിചയം, പരിശീലന മേഖലയിലെ പ്രവൃത്തി പരിചയം അല്ലെങ്കിൽ ബിരുദം, രണ്ട് വർഷം കുട്ടികളുടെ മേഖലയിലെ പ്രവൃത്തി പരിചയം, പരിശീലന മേഖലയിലെ പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത. ബിരുദാനന്തര ബിരുദത്തിന് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും അപേക്ഷിക്കാം.

അപേക്ഷയോടൊപ്പം ബയോഡാറ്റയും ജനന തീയതി, യോഗ്യത, താമസസ്ഥലം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സമർപ്പിക്കണം. മെയ് ഒന്നിന് 40 വയസ്സ് കവിയരുത്. 25ന് വൈകിട്ട് അഞ്ചിന് മുമ്പായി അപേക്ഷ സമർപ്പിക്കണം. ഫോൺ : 9061423749.

മാനുഷം വാർഷികാഘോഷം

വെള്ളറട

കിഴാറൂരിലെ മാനുഷം ചാരിറ്റബിൾ ട്രസ്റ്റ് മൂന്നാം വാർഷികാഘോഷം എ എ റഹിം എം പി ഉദ്ഘാടനംചെയ്തു. മാനുഷം പ്രസിഡന്റ് ആർ കൃഷ്ണൻകുട്ടി അധ്യക്ഷനായി. ഡോ. ജെ ഹരീന്ദ്രൻ നായർ, ഒ ഗിരിജകുമാരി, എ എസ് ജീവൽ കുമാർ, എസ് രാജശേഖരൻ, ജെ മഹേഷ്, കെ കെ സജയൻ തുടങ്ങിയവർ സംസാരിച്ചു. പാലിയേറ്റീവ് അംഗങ്ങൾക്ക് വസ്ത്ര വിതരണം നടത്തി.

മാനുഷം
3
-ാം
വാർഷികം
ശ്രീ.എ.എ.റഹിം.MP
ജെ.ഹരീന്ദ്രൻനായർ
7 ഞായർ

മാനുഷം ചാരിറ്റബിൾ ട്രസ്റ്റ് വാർഷികാഘോഷം എ എ റഹിം എം പി ഉദ്ഘാടനം ചെയ്യുന്നു

അഭിമുഖം 17ന്

പാറശാല

കൊല്ലയിൽ പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി കരാർനിയമനം നടത്തും. യോഗ്യത: സിവിൽ എൻജിനിയറിങ് ഡിപ്ലോമ, ഐടിഐ സർവേയർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും ബയോഡാറ്റയും സഹിതം 17 ന് പകൽ 11ന് പഞ്ചായത്താഫീസിൽ അഭിമുഖത്തിനെത്തണം. ഫോൺ: 2232383

ടെക്സ്റ്റൈയിൽ പ്രിന്റിങ് കോഴ്സ്

നെയ്യാറ്റിൻകര

കേന്ദ്ര തൊഴിൽ നൈപുണ്യ വികസന മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജൻ ശിക്ഷൻ സംസ്ഥാന്റെ കീഴിൽ നെയ്യാറ്റിൻകര പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന മൂന്നുമാസം ദൈർഘ്യമുള്ള ടെക്സ്റ്റൈയിൽ പ്രിന്റിങ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 18നും 45നുമിടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പാസ്പോർട്ട് സൈസ് ഫോട്ടോ, റേഷൻ കാർഡിന്റെയും ആധാർ കാർഡിന്റെയും പകർപ്പ് എന്നിവ സഹിതം അഞ്ചു ദിവസത്തിനകം നെയ്യാറ്റിൻകര കോൺവെന്റ് റോഡിലുള്ള ജെഎസ്എസ് പരിശീലന കേന്ദ്രത്തിൽ എത്തണം. ഫോൺ: 8606599194.

പെൻഷൻ സംരക്ഷണസദസ്സ്

പാറശാല

കെഎസ്കെടിയു നേതൃത്വത്തിൽ പരശുവയ്ക്കലിൽ സംഘടിപ്പിച്ച പെൻഷൻ സംരക്ഷണസദസ്സ് ഏരിയ സെക്രട്ടറി വി താണുപിള്ള ഉദ്ഘാടനം ചെയ്തു. ഡി ഓമന അധ്യക്ഷയായി. കെ മധു, ആർ ആർ ജോയ്, സെൽവരാജ്, സുജ ബെൻസ് എന്നിവർ സംസാരിച്ചു.

കുടിവെള്ള വിതരണം നിലച്ചിട്ട് ഒരാഴ്ച

വഞ്ചിയൂർ

പാൽക്കുളങ്ങര വാർഡിൽ ഒരാഴ്ചയായി കുടിവെള്ള വിതരണം പൂർണമായി നിലച്ചു. എംകെകെ നായർ നഗർ, മേപ്പള്ളി ലെയ്ൻ എന്നിവിടങ്ങളിൽ താമസിക്കുന്നവരാണ് ബുദ്ധിമുട്ടുന്നത്. നഗരത്തിൽ പലയിടങ്ങളിൽ പൈപ്പ് പൊട്ടിയത് പരിഹരിക്കുന്നതിനായി പമ്പിങ് നിർത്തിവച്ചതാണ് കാരണമെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

ഈ പ്രദേശത്ത് ആഴ്ചയിൽ രണ്ടു മൂന്നു ദിവസമാണ് വിതരണമുണ്ടായിരുന്നത്. വിഷയത്തിൽ കൗൺസിലറും റസിഡൻസ് അസോസിയേഷനുകളും പരാതി നൽകിയിട്ടുണ്ട്. കുടിവെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെട്ടു.

ഡ്രൈവർ, സെക്യൂരിറ്റി ഒഴിവ്

ആര്യനാട്

ആര്യനാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ബസ് ഡ്രൈവറെ ആവശ്യമുണ്ട്. അഭിമുഖം തിങ്കൾ പകൽ 11ന്.

ആര്യനാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിലേക്ക് സെക്യൂരിറ്റിയെ ആവശ്യമുണ്ട്. അഭിമുഖം 22ന് രാവിലെ പത്തിന്.

യുവാവിനെ കമ്പി കൊണ്ട് അടിച്ച് പരിക്കേൽപ്പിച്ചു; 3 പേർ അറസ്റ്റിൽ

നേമം

യുവാവിനെ കമ്പി കൊണ്ട് അടിച്ചുപരിക്കേൽപ്പിച്ച സംഭവത്തിൽ മൂന്നുപേരെ നേമം പൊലീസ് അറസ്റ്റുചെയ്തു. പഴയ കാരയ്ക്കാമണ്ഡപം പത്തുമുറി ലെയിൻ ചെന്നിക്കവിളകംവീട്ടിൽ ഷജീർ (32), മേലാംകോട് കരുമം കുന്നുവിളവീട്ടിൽ സജിത്ത് (28), മേലാംകോട് അമ്പാടിവീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന ഗിരീഷ് (24) എന്നിവരാണ് അറസ്റ്റിലായത്. ഏപ്രിലിലായിരുന്നു കേസിന് ആസ്പദമായ സംഭവം. തിരുവല്ലം സ്വദേശി മനുവിനെയാണ് ആക്രമിച്ചത്.

സ്റ്റുഡിയോ റോഡിലുള്ള സുഹൃത്തിന്റെ വീട്ടിൽ എത്തുമ്പോഴാണ് പ്രതികൾ മനുവിനെ ആക്രമിച്ചത്. പ്രതികൾക്ക് മനുവുമായുണ്ടായിരുന്ന വ്യക്തിവിരോധമാണ് ആക്രമണത്തിനിടയാക്കിയത്. അറസ്റ്റിലായ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡുചെയ്തു.

മുട്ടക്കോഴി കുഞ്ഞ് വിതരണം

നെയ്യാറ്റിൻകര

പെരുങ്കടവിള പഞ്ചായത്തിലെ അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതിയിൽ മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു. പദ്ധതി പഞ്ചായത്ത് പ്രസിഡന്റ് എസ് സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ബിന്ദു, കാനക്കോട് ബാലരാജ്, റെജികുമാർ, മഞ്ജുഷ ജയൻ, അമ്പലത്തറയിൽ ഗോപകുമാർ, സ്നേഹലത, ധന്യ, വിനീത, മിനി പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

ചാല

ബീമാപള്ളി പത്തേക്കർ വിഐപി കോളനിയിലും സമീപത്തെ രണ്ടു വീടുകളിലുംനിന്ന് 75 ചാക്ക് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. തൈക്കാപ്പള്ളിക്ക് സമീപം ഫൈസൽ ഖാന്റെ വീട്ടിൽനിന്നും പത്തേക്കർ വിഐപി കോളനിയിൽ ഹസ്സൻ കണ്ണിന്റെ വീട്ടിൽ നിന്നുമാണ് പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയത്.

പൂന്തുറ പൊലീസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇവ പിടികൂടിയത്.

ഫൈസൽ ഖാന്റെ വീട്ടിൽനിന്നും 35 ചാക്കും ഹസ്സൻകണ്ണിന്റെ വീട്ടിൽനിന്നും 40 ചാക്കുമാണ് പിടികൂടിയത്.ഹസ്സൻ കണ്ണിനെ അറസ്റ്റ്ചെയ്തു. ഫൈസൽ ഖാനായുള്ള തിരച്ചിൽ നടക്കുന്നതായി പൊലീസ് അറിയിച്ചു.

■ വിവാഹം

ചേരപ്പള്ളി പറണ്ടോട് ബൗണ്ടർമുക്ക് ലോഗോസ് ഭവനിൽ പാസ്റ്റർ ജെ സതീശന്റെയും ബി ആർ ബിജിയുടെയും മകൾ ബിൻസിയും മൂങ്ങോട് കൊല്ലോട് മുടുംബത്ത് പുതുവൽപുത്തൻവീട്ടിൽ എച്ച് മോഹനന്റെയും കെ സരളാഭായിയുടെയും മകൻ ലിനുവും വിവാഹിതരായി.